**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** **13-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ ധനസഹായത്തോടു കൂടി നിർമ്മിക്കുന്ന പട്ടികവർഗ ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേന്ദ്ര സർക്കാർ 25.6.2014 ലെ 11022/03/2008/Education നമ്പർ ഉത്തരവ് പ്രകാരം പതിനാറുകോടി മുപ്പതുലക്ഷം രൂപ അനുവദിച്ച ആറ് പട്ടികവർഗ ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (എ) | 25.06.2014 ലെ 11022/03/2008/Educationനമ്പർ ഉത്തരവു പ്രകാരം ആകെ 5 പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാണ് കേന്ദ്രത്തിൽ നിന്നും 16.30 കോടി രൂപ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്രീമെട്രിക് ഹോസ്റ്റൽ, വട്ടവട 13% നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി. വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2016 ലെ സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ തുടർ നിർമ്മാണം നിർത്തിവച്ചു. 2. പ്രീ-മെട്രിക് ഹോസ്റ്റൽ,പുതൂർ നിർമ്മാണം പിന്നീട് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്തേക്ക് മാറ്റി). നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു. 3. മൾട്ടി പർപ്പസ് ഹോസ്റ്റൽ, മാറമ്പള്ളി എറണാകുളം നിർമ്മാണം പുരോഗമിക്കുന്നു. 68% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 4. മൾട്ടി പർപ്പസ് ഹോസ്റ്റൽ, ഫോർഷോർ, എറണാകുളം നിർമ്മാണം പൂർത്തിയായി. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5. മൾട്ടി പർപ്പസ് ഹോസ്റ്റൽ, പെട്ടിമുടി (നിർമ്മാണം പിന്നീട് കണ്ണൂർ ജില്ലയിലെ ആറളത്തേക്ക് മാറ്റി) (പ്രീ-മെട്രിക് ഹോസ്റ്റൽ).- നിർമ്മാണം പൂർത്തിയായി |
| (ബി) | ഇവയിൽ എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായി പ്രവർത്തനം തുടങ്ങി എന്ന് അറിയിക്കാമോ; | (ബി) | 25.06.2014 ലെ 11022/03/2008/Educationനമ്പർ ഉത്തരവു പ്രകാരം ആകെ 5 പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാണ് കേന്ദ്രത്തിൽ നിന്നും 16.30 കോടി രൂപ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്രീമെട്രിക് ഹോസ്റ്റൽ, വട്ടവട 13% നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി. വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2016 ലെ സ്റ്റോപ്പ് |

| | | | |
|---|---|---|---|
| | | | മെമ്മോയുടെ അടിസ്ഥാനത്തിൽ തുടർ നിർമ്മാണം നിർത്തിവച്ചു. 2. പ്രീ-മെട്രിക് ഹോസ്റ്റൽ,പുതൂർ നിർമ്മാണം പിന്നീട് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്തേക്ക് മാറ്റി). നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു. 3. മൾട്ടി പർപ്പസ് ഹോസ്റ്റൽ, മാറമ്പള്ളി എറണാകുളം നിർമ്മാണം പുരോഗമിക്കുന്നു. 68% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 4. മൾട്ടി പർപ്പസ് ഹോസ്റ്റൽ, ഫോർഷോർ, എറണാകുളം നിർമ്മാണം പൂർത്തിയായി. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5. മൾട്ടി പർപ്പസ് ഹോസ്റ്റൽ, പെട്ടിമുടി (നിർമ്മാണം പിന്നീട് കണ്ണൂർ ജില്ലയിലെ ആറളത്തേക്ക് മാറ്റി) (പ്രീ-മെട്രിക് ഹോസ്റ്റൽ).- നിർമ്മാണം പൂർത്തിയായി |
| (സി) | ഇവയിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഹോസ്റ്റലുകൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെന്നും ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കി വിശദാംശങ്ങൾ നൽകാമോ; | (സി) | കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കിയ 5 ഹോസ്റ്റലുകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രാദേശികമായ പ്രശ്നങ്ങൾ മൂലം വട്ടവട ഗ്രാമപഞ്ചായത്തിന്റെ സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവെച്ച വട്ടവട പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് പുതിയ ഭരണാനുമതി ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | നിർമ്മാണം പൂർത്തീകരിച്ച ഹോസ്റ്റലുകളുടെ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ